**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലയാറ്റൂർ വനം ഡിവിഷനിലെ ഹാംഗിങ് ഫെൻസിംഗ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലയാറ്റൂർ വനം ഡിവിഷനു കീഴിൽ പിണ്ടിമന, കോട്ടപ്പടി, വേങ്ങൂർ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന രീതിയിൽ പ്രഖ്യാപിച്ചിട്ടുള്ള 30 കി.മീ. ഹാംഗിങ് ഫെൻസിങ്ങിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | മലയാറ്റൂർ ഡിവിഷനിൽ കോടനാട് റെയിഞ്ചിനു കീഴിൽ നബാർഡ് സ്കീമിൽ 30 കിലോമീറ്റർ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തിയുടെ കരാർ 04/01/2025 ൽ ഒപ്പുവച്ചിട്ടുള്ളതും പ്രവൃത്തി ചെയ്യുന്നതിനായി ഫെബ്രുവരി മാസത്തിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രവർത്തിയുടെ ഭാഗമായി നാളിതുവരെ 2.6 കിലോമീറ്റർ ദൂരത്തിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 5.7 കി.മീ. ദൂരത്തിലെ പ്രാഥമിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഹാംഗിങ് ഫെൻസിംഗ് കടന്നുപോകുന്ന പ്രദേശങ്ങളിൽ ആവശ്യമായ വീതിയിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സോളാർ ഫെൻസിംഗ് കടന്നുപോകുന്ന പ്രദേശത്തെ മരങ്ങൾ നിൽക്കുന്ന അവസ്ഥയിൽ ആറ് തവണ ഇ-ലേലം ചെയ്തിട്ടും വിറ്റു പോയിട്ടില്ലാത്തതാണ്. മേൽ പ്രദേശത്തെ ഹാർഡ്‌വുഡ് മരങ്ങൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ മുറിച്ച് ഡിപ്പോയിൽ എത്തിക്കുന്നതിനും സോഫ്റ്റ്‌വുഡും അക്കേഷ്യ മരങ്ങളും ലേലം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സോളാർ ഫെൻസിംഗിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ ലേലത്തിൽ വിറ്റു പോകാത്തസാഹചര്യത്തിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 22/08/2025 നു കരാറുകാരുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതും, ഫെൻസിംഗ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ